പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1633 15-02-2016-ന് മറുപടിക്ക്

**<u>തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ്</u>**

<u>ചോദ്യം</u>

**ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

<u>ഉത്തരം</u>

**ഡോ. എം.കെ. മുനീർ,**
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.

| | | |
|---|---|---|
| തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിങ് ജീവനക്കാരുടെ കുറവ് നികത്താനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ? | : | എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും എല്ലാം തന്നെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും 25-07-2015-ലെ സർക്കാർ ഉത്തരവ് നം.2282/2015/തസ്വഭവ പ്രകാരം അനുമതി നൽകിയിരുന്നു. കൂടാതെ അതത് ജില്ലകളിലെ ഓവർസീയർമാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നികത്തുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അനുമതി നൽകിയിട്ടുണ്ട്. പ്രൊമോഷൻ വഴി നികത്തേണ്ടതായ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. ജില്ലതിരിച്ചുള്ള ഒഴിവുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ഒന്നാം ഗ്രേഡ് ഓവർസീയർ | രണ്ടാം ഗ്രേഡ് ഓവർസീയർ | മൂന്നാം ഗ്രേഡ് ഓവർസീയർ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | -- | -- | -- | 3 | -- | -- |
| കൊല്ലം | -- | 1 | 1 | 14 | -- | 13 |
| പത്തനംത്തിട്ട | -- | 1 | 1 | 8 | -- | 15 |
| ആലപ്പുഴ | -- | 2 | 2 | 9 | -- | 8 |
| കോട്ടയം | -- | 1 | 4 | 22 | -- | 23 |
| ഇടുക്കി | -- | 2 | 3 | 25 | 4 | 24 |
| എറണാകുളം | -- | -- | 2 | 28 | 6 | 16 |
| തൃശ്ശൂർ | -- | 1 | 3 | 25 | 3 | 26 |
| പാലക്കാട് | -- | 2 | 21 | 36 | 1 | 44 |
| മലപ്പുറം | -- | 1 | 19 | 29 | 14 | 61 |
| കോഴിക്കോട് | -- | 2 | 24 | 26 | 8 | 43 |
| വയനാട് | 1 | 3 | 7 | 5 | 2 | 16 |
| കണ്ണൂർ | -- | 1 | 18 | 27 | 14 | 42 |
| കാസർകോഡ് | 1 | 4 | 19 | 21 | 10 | 2 |
| **ആകെ** | 2 | 21 | 124 | 278 | 62 | 333 |

**സെക്ഷൻ ഓഫീസർ**